**File No.HEDN-F3/70/2020-HEDN**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

__സംഗ്രഹം__

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ശ്രീമതി.ചന്ദന.ആർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)No22/2020 മേലുള്ള 22.01.2020 തീയതിയിലെ വിധിന്യായം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1137/2020/ഉ.വി.വ തീയതി, തിരുവനന്തപുരം, 14/09/2020

---

പരാമർശം:- 1 14.09.1973 - ലെ 131867/Rules/72/PD നമ്പർ സർക്കുലർ.

2 23.08.2014 - ലെ സ.ഉ(എം.എസ്) 711/2014/ഉ.വി.വ.

3 31.10.2019 - ലെ സ.ഉ(പി) നം.12/2019/സാ.നീ.വ.

4 22.01.2020 തീയതിയിലെ ബഹു.ഹൈക്കോടതിയുടെ OP(KAT)No.22/2020 മേലുള്ള വിധിന്യായം.

__ഉത്തരവ്__

OP(KAT) No.22/2020 – ലെ ഹർജിക്കാരിയായ ശ്രീമതി.ചന്ദന.ആർ. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലെ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് തസ്തികയിലേക്ക് അപേക്ഷിച്ചിരുന്നു. ടിയാൾക്ക് ടി തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരുന്നെങ്കിലും ടി തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച വർഷത്തെ ജനുവരി 1 - ന് മിനിമം പ്രായം ആയ 22 വയസ്സ് തികയാത്തതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് അർഹത നേടിയില്ല. ശ്രീമതി.ചന്ദന.ആർ 13/01/2020 തീയതിയിലെ OA 67/2020 മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ഫയൽ ചെയ്ത OP(KAT)No22/2020 മേലുള്ള പരാമർശം (4) ലെ ഉത്തരവിൽ ഹർജിക്കാരിയായ ശ്രീമതി.ചന്ദന.ആർ കാഴ്ചപരിമിതിയുള്ള വ്യക്തിയാണെന്ന കാര്യം കണക്കിലെടുത്തും മറ്റെല്ലാ യോഗ്യതകളും ആർജ്ജിച്ചിട്ടുള്ളതിനാലും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിന്റെ വിശേഷാധികാരം പ്രയോഗിച്ച് പ്രായപരിധിയിൽ ഇളവനുവദിക്കുന്നത് പരിഗണിക്കുന്നതിനായി ചന്ദനയുടെ കേസ് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് മുമ്പാകെ സമർപ്പിക്കുന്നതിനും, ബന്ധപ്പെട്ട അധികാരസ്ഥാനം ബഹു.കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങൾ കണക്കിലെടുത്ത് ടി കേസ് പരിഗണിക്കണമെന്നുമാണ് ഉത്തരവായിട്ടുള്ളത്. കൂടാതെ പി.എസ്.സി മുഖേനയുള്ള പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്ന വർഷം ജനുവരി 1 - ന് തികഞ്ഞിരിക്കണമെന്ന നിയമത്തിന് ഭേദഗതി വേണമോ എന്ന് പരിശോധിക്കാനും ഉത്തരവായിരുന്നു.

2. Public Service (Date of Determination of Age for Eligibility for Appointment) Rules, 1997, ചട്ടം 2 പ്രകാരം ഒരു തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷം ജനുവരി ഒന്ന് അടിസ്ഥാനമാക്കി വേണം കണക്കാക്കാൻ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ കേസിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് 11.12.2019-ലാണ്. ടി സാഹചര്യത്തിൽ പ്രായപരിധി

2019 ജനുവരി 1 അടിസ്ഥാനമാക്കി വേണം കണക്കാക്കേണ്ടത്. ശ്രീമതി. ചന്ദന 01.01.2019 - ൽ 22 വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പരാമർശിത തസ്തികയിലെ നിയമനത്തിന് ടിയാരി മേൽ ചട്ടപ്രകാരം യോഗ്യയല്ല. ബഹു. ഹൈക്കോടതിയുടെ 22.01.2020 - ലെ വിധിന്യായത്തിൽ ശ്രീമതി.ചന്ദന കാഴ്ചപരിമിതിയുള്ള വ്യക്തിയാണെന്ന കാര്യം കണക്കിലെടുത്തും മറ്റെല്ലാ യോഗ്യതകളും ആർജ്ജിച്ചിട്ടുള്ളതിനാലും കെ.എസ് & എസ്.എസ്.ആർ ചട്ടം 39 പ്രകാരം പ്രത്യേക കേസായി കണ്ട് പ്രായപരിധിയാൽ ഇളവ അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ചട്ടങ്ങളുടെ പ്രയോഗം മൂലം സാമാന്യനീതി നിഷേധിക്കപ്പെടുന്ന അത്യപൂർവ്വം കേസുകളിൽ അത്യധികം അവധാനതയോടെ മാത്രം പ്രയോഗിക്കേണ്ട ഒന്നാണ് പൊതുചട്ടം 39. വ്യക്തികളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ചട്ടം 39 പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നത് ശരിയായ കീഴ് വഴക്കമല്ല. കൂടാതെ ചട്ടം 39 പ്രയോഗിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ പരാമർശിക്കുന്ന പരാമർശം (1)ലെ സർക്കുലറിൽ വ്യക്തിപരമായ കേസുകളിൽ ചട്ടം 39 പ്രയോഗിച്ച പ്രായപരിധി സംബന്ധിച്ച ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടുള്ളതല്ല എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഈ കേസിൽ ശ്രീമതി. ചന്ദനയ്ക്ക് നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള താഴ്ന്ന പരിധിയിൽ ഇളവ അനുവദിക്കുന്നത് സമാന സാഹചര്യത്തിലുള്ളവരുടെ മുഴുവൻ അപേക്ഷകളും പരിഗണിക്കേണ്ടതിന് ഇടയാക്കുന്നതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിഗണിച്ചു. " Public Service (Date for determination of age for eligibility for appointment)Rules, 1977 പ്രകാരം ഒരു തസ്തികയിലെ നിയമനത്തിനായി വിശേഷാൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള കുറഞ്ഞ പ്രായപരിധി ടി തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷത്തെ ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി വേണം കണക്കാക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും, മേൽ ചട്ടപ്രകാരം 01.01.2019- ൽ അപേക്ഷകയ്ക്ക് 22 വയസ്സ് പൂർത്തിയായിട്ടില്ലാത്തതിനാലും പ്രസ്തുത തസ്തികയിലെ നിയമത്തിന് യോഗ്യയല്ല. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം കോളേജ് അദ്ധ്യാപകരുടെ നിയമനത്തിനുള്ള പ്രായപരിധി 40വയസ്സായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിയമനങ്ങളിൽ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിരുന്ന സംവരണം 3% ൽ നിന്നും 4% ആയി ഉയർത്തിയിട്ടുണ്ട്. ശ്രീമതി.ചന്ദന മേൽ ആനുകൂല്യത്തിന് അർഹയാണ്. പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനായി സമർപ്പിച്ച അപേക്ഷകൾക്ക് എല്ലാം, കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ, അപേക്ഷകരുടെ ആവശ്യം പരിഗണിക്കുവാൻ കഴിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രായപരിധി കഴിഞ്ഞതിനാൽ ഇനിയൊരു പരീക്ഷയ്ക്ക് അപേക്ഷിക്കാൻ കഴിയാത്തവരും ആയതിൽ ഉൾപ്പെടുന്നു. ചട്ടങ്ങളുടെ പ്രയോഗം മൂലം സാമാന്യനീതി നിഷേധിക്കപ്പെടുന്ന അത്യപൂർവ്വം കേസുകളിൽ അത്യധികം അവധാനതയോടെ മാത്രം പ്രയോഗിക്കേണ്ട ഒന്നാണ് പൊതുചട്ടം 39. വ്യക്തികളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ചട്ടം 39 പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നത് ശരിയായ കീഴ് വഴക്കമല്ല. കൂടാതെ ചട്ടം 39 പ്രയോഗിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ പരാമർശിക്കുന്ന പരാമർശം (1) ലെ സർക്കുലറിൽ വ്യക്തിപരമായ കേസുകളിൽ ചട്ടം 39 പ്രയോഗിച്ച് പ്രായപരിധി സംബന്ധിച്ച ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടുള്ളതല്ല എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീമതി ചന്ദന 22 വയസ്സുള്ള വ്യക്തിയായതിനാൽ ഇനിയും വളരെയേറെ അവസരങ്ങളും അംഗപരിമതരുടെ സംവണാനുകൂല്യവും ലഭിക്കുന്നുണ്ട്. നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നത് സമാന സാഹചര്യത്തിലുള്ളവരുടെ മുഴുവൻ അപേക്ഷകളും പരിഗണിക്കേണ്ടതിന് ഇടയാക്കുന്നതാണ്. പരാമർശം (4) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി മുഖേനയുള്ള പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായം പി.എസ്.സി വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി അടിസ്ഥാനമാക്കിയും, ഉയർന്ന പ്രായം വിജ്ഞാപന വർഷത്തിലെ ജനുവരി ഒന്ന് അടിസ്ഥാനമാക്കിയും നിശ്ചയിച്ച് Public Services (Date For Determination of Age For Eligibility For Appointment) Rules, 1977 ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിക്കുന്നുണ്ട്.

File No.HEDN-F3/70/2020-HEDN

മേൽ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിന്റെ വിശേഷാധികാരം പ്രയോഗിച്ച് അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിൽ ഇളവ് നല്കണമെന്ന ശ്രീമതി.ചന്ദനയുടെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരാകരിച്ചുകൊണ്ട് ഉത്തരവാകുന്നു.ശ്രീമതി.ചന്ദന ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)No.22/2020 കേസിലെ ലെ 22.01.2020 തീയതിയിലെ വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരി കുമാർ ജി**

**ജോയിന്റ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

ശ്രീമതി.ചന്ദന.ആർ, മലമേൽക്കുറ്റിയിൽ, മേമന, ഓച്ചിറ.പി.ഒ, കൊല്ലം - 690 526

സെക്രട്ടറി, കേരള പി.എസ്.സി (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ, www.highereducation.kerala.gov.in

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ